നം.എ3/2378/2018/പ്ര.പ.ക.

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## സ്വകാര്യ സ്വാശ്രയമെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് 2017–18 അധ്യയന വർഷം പ്രവേശനം ലഭിച്ച ബി.പി.എൽ. വിഭാഗം വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിനു 2017–18 അധ്യയനവർഷം പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ.വിഭാഗം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ & ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരി ച്ചിട്ടുണ്ട്. (എ.3/2378/2018/പ്ര.പ.ക. തീയതി 31.05.2019). പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി **താഴെ പ്പറയുന്ന രേഖകൾ 2019 ജൂൺ 15–ന് മുൻപായി ഈ കാര്യാലയത്തിൽ നേരിട്ട് എത്തി ക്കേണ്ടതാണ്**.

1. ജി.ഒ.(എംഎസ്) 107/2018/ആ.കു.വ..തീയതി 06.06.2018 എന്ന ഉത്തരവിൽ അനുബന്ധം എ.–12 (2) പരാമർശിച്ചിട്ടുള്ള ബോണ്ട് **200/– രൂപ**യുടെ മുദ്രപത്രത്തിൽ ഒപ്പ് വച്ചു സമർപ്പിക്കേണ്ടതാണ്.
2. പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്ന വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവര ങ്ങൾ, പാസ്ബുക്കിന്റെ ആദ്യത്തെ പേജിന്റെ (അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയ) പകർപ്പ്. ബോണ്ടിന്റെ മാതൃകയും ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ മാതൃകയും ഈ വിജ്ഞാപനത്തിനോടൊപ്പം **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.06.2019

**ബാങ്ക് അക്കൗണ്ട് വിവരങ്ങൾ(മാതൃക)**

| | |
|---|---|
| Name of candidate | |
| Account No | |
| IFSC Code | |
| Bank Name | |
| Branch Name | |
| Branch Code | |